(11) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെയും വെള്ളൂർ-മുളക്കുളം വെളിയന്നൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെയും പ്രവർത്തനം

<u>ശ്രീ. പി. നാരായണൻ</u> : വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെയും വെള്ളൂർ-മുളക്കുളം വെളിയന്നൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെയും പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സർ, ഒരു വർഷത്തിലേറെയായി ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ശ്രീ വി.പി. രാമകൃഷ്ണപിള്ള ശിലാസ്ഥാപനം നടത്തിയിട്ട് ഇതുവരെ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. വൈക്കം ഓഗ്മെന്റേഷൻ പദ്ധതിക്കും വെള്ളൂർ-മുളക്കുളം പദ്ധതിക്കും ഒരു കിണറ്റിൽനിന്നാണ് വെള്ളം എടുക്കുന്നത്. ഈ കിണറിന്റെ ടെണ്ടർ അടുത്തകാലത്തു നടന്നുകഴിഞ്ഞു. രണ്ടുപേർ ആ ടെൻറിൽ പങ്കെടുത്തിരുന്നു. അതിൽ ലോവസ്റ്റുകാരന് ടെണ്ടർ ഉറപ്പിക്കാതെ ആ ടെണ്ടർ അപ്പാടെ ക്യാൻസൽ ചെയ്തിട്ട് എസ്റ്റിമേറ്റ്സ് റിവൈസ് ചെയ്യാനും റീടെണ്ടർ ചെയ്യാനുമാണ് ഉദ്യോഗസ്ഥൻമാർ ശ്രമിക്കുന്നത്. അങ്ങനെ സംഭവിക്കുന്നതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് സർക്കാരിന് വരുന്നത്. ഇതിന്റെ ഗൗരവം മനസ്സിലാക്കി സർക്കാർ അടിയന്തരമായി അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാനും സർക്കാരിന് വരുന്ന നഷ്ടം അവരുടെ സ്ഥാവര ജംഗമ വസ്തുക്കളിൽനിന്ന് റവന്യൂ റിക്കവറി നടപടിയിലൂടെ അവരിൽനിന്ന് ഈടാക്കാനും വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെയും വെള്ളൂർ-മുട്ടക്കുളം വെളിയന്നൂർ പദ്ധതിയുടെയും നിർമ്മാണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണ പദ്ധതിക്ക് എൽ.ഐ.സി.യുടെ സഹായത്തോടെ 1235 ലക്ഷം രൂപയുടേയും കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ പരിപാടിയിൽ ഉൾപ്പെടുത്തി വെളിയന്നൂരും സമീപ പഞ്ചായത്തുകളിലേയും പദ്ധതിക്ക് 366.42 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ രണ്ടു പദ്ധതികൾക്കും പൊതുവായിട്ടുള്ള കിണറും ശുദ്ധീകരണശാലയുമാണ് ഉദ്ദേശിക്കുന്നത്. കിണറിനുള്ള സ്ഥലം വെള്ളൂർ പഞ്ചായത്തിലെ ചങ്ങലപ്പാലത്തിന് സമീപം ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധീകരണശാലയ്ക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. സ്ഥലം കിട്ടുന്നതിനുള്ള താമസമാണ് കുറച്ച് നീണ്ടുപോയത്. കിണർ നിർമ്മിക്കുന്നതിന് ദർഘാസ് ക്ഷണിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പുനർ ദർഘാസ് ക്ഷണിക്കേണ്ടിവന്നിരിക്കുന്നു. അതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ ദർഘാസ് തയ്യാറാക്കുന്നതിനും വൈക്കം പദ്ധതിക്കുവേണ്ടി തലയോലപ്പറമ്പിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 25 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. വെളിയന്നൂരും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ വെള്ളൂർ പഞ്ചായത്തിനുവേണ്ടി 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല സംഭരണിയുടെ പണി നടന്നുവരുന്നു. ഈ പദ്ധതികൾ രണ്ടും നടപ്പിലാക്കുന്നതിനുവേണ്ടി വൈക്കം ആസ്ഥാനമാക്കി ഒരു സെക്ഷനാഫീസ് 1.2.2000 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ്. സാങ്കേതികമായ കാരണങ്ങളാൽ പദ്ധതിയുടെ ജലസംഭരണിയുടെ സ്ഥാനങ്ങളിൽ പുനഃക്രമീകരണം ആവശ്യമായി വന്നിരിക്കുകയാണ്. പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കിവരുന്നു. ഇത് എത്രയും വേഗം പൂർത്തിയാക്കി പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) വടകര-മാഹി കനാൽ പദ്ധതി പൂർത്തീകരിക്കുന്നതു സംബന്ധിച്ച്

ശ്രീ. എ. കണാരൻ : സർ, വടകര-മാഹി കനാൽ പദ്ധതിയുടെ പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ കടലിന് സമാന്തരമായിട്ടുള്ള ഉൾനാടൻ ജലഗതാഗതത്തിന്റെ ഭാഗമായിട്ടാണ് മാഹി കനാൽ കിടക്കുന്നത്. ഇതിന്റെ നീളം 19-20 കിലോമീറ്ററാണ്. 1959-ൽ ഉൾനാടൻ ജല ഗതാഗതത്തിൽ ഉൾപ്പെടുത്തി 1965-ൽ കേന്ദ്ര ഗവൺമെന്റ് 68 ലക്ഷം ഉറുപ്പിക അനുവദിച്ചു, 1966-ൽ പ്രവൃത്തി ആരംഭിച്ചു. കനാൽ കോഴിക്കോട് ജില്ലയിലെ മണിയൂർ പഞ്ചായത്തിൽനിന്ന് ആരംഭിച്ച് തിരുവള്ളൂർ, നടയഞ്ചേരി, പുറമേരി, നടച്ചേരി പഞ്ചായത്തുവഴി ഏറാമല പഞ്ചായത്തിലെ തുരുത്തുമുക്കിൽനിന്ന് മാഹി വഴയോട് ചേരുകയാണ്. കനാലിന് ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് നേരത്തെതന്നെ എടുത്തുകഴിഞ്ഞിട്ടുണ്ട്. മൂഴിക്കൽ എന്ന സ്ഥലത്ത് വെള്ളം തുറന്നുവിടാനുള്ള ഷട്ടറും നിർമ്മിച്ചിട്ടുണ്ട്. ഈ കനാലിന്റെ പ്രവർത്തനം ചില സ്ഥലങ്ങളിൽ ഭാഗികമായും, ചില സ്ഥലങ്ങളിൽ പൂർണ്ണമായും നിർവ്വഹിച്ചിട്ടുണ്ട്. 1967-മുതൽ കേന്ദ്ര സഹായം ലഭിക്കുന്നില്ലായെന്നാണ് പറഞ്ഞത്. 40 ലക്ഷത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 33 വർഷമായിട്ടും കനാലിന്റെ പണിപൂർത്തിയാകാതെ കിടക്കുകയാണ്. പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങളിൽനിന്ന് കാർഷികോൽപ്പന്നങ്ങൾ നഗരങ്ങളിലേക്കും നഗരങ്ങളിൽനിന്ന് ഉപഭോഗ സാധനങ്ങൾ ചുരുങ്ങിയ ചെലവിൽ നാട്ടിൻപുറത്തേയ്ക്കും എത്തിക്കാൻ കഴിയുന്നതാണ്. ഉൾനാടൻ ജലഗതാഗത സൗകര്യം, ടൂറിസം വികസന സംവിധാനം ഇവ വർദ്ധിക്കും. ഇന്ധന ലാഭവുമുണ്ടാകും. പരിസ്ഥിതി സംരക്ഷണം മെച്ചപ്പെടുത്താനുമുതകും. ഇതെല്ലാം ഇതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങളാണ്. കനാലിന്റെ ഇരുവശത്തും ഉള്ളവർക്കുകൂടി വെള്ളം കിട്ടും. കനാലിന്റെ ബണ്ട് വളരെ ഉയർന്നതായിരുന്നതിനാൽ കൃഷിയിടങ്ങളിൽനിന്ന് കൃഷിസ്ഥലത്തേയ്ക്ക് വെള്ളം തുറന്നുവിടാൻ കഴിയും. കനാലിന്റെ ഒഴുക്ക് തടയാനാകും. ഏകദേശം ഇരുന്നൂറ്റിയമ്പത് ഹെക്ടർ അഞ്ഞൂറിലേറെ ഏക്കർ സ്ഥലത്ത് രണ്ടു കൃഷിയിറക്കാൻ കഴിയുന്നതാണ്. അറുപത് ലക്ഷത്തിൽ തുടങ്ങിയ ഈ പദ്ധതിക്ക് ഇന്ന് പുതുക്കിയ എസ്റ്റിമേറ്റ് എന്നുപറയുന്നത് 17 കോടിയാണ്. അതുകൊണ്ട് ഈ അനാസ്ഥ അവസാനിപ്പിച്ച് വേഗത്തിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഇതിന്റെ പണി പുനരാരംഭിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 1692 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് അൻപത് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി ഉപരിതല ഗതാഗത മന്ത്രാലയത്തിന് 1999 നവംബർ മാസത്തിൽ അയച്ചുകൊടുത്തിട്ടുണ്ട്. ഇന്ന് ലഭിക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്. 19.3 കിലോമീറ്റർ നീളമുള്ള ഈ കനാലിന്റെ പുനരുദ്ധാരണത്തിനായി 1965-ൽ കേന്ദ്ര അനുമതി ലഭി

LIBRARY ARCHIVES Kerala Legislative Assembly